# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1539**

**15.02.2016 - ൽ മറുപടിക്ക്**

## നീര

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് നീര വിപണിയിലെത്തിക്കാൻ കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ; | എ) നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) തെങ്ങിൽ നിന്ന് നീരയും നീരയിൽ നിന്നുള്ള മറ്റുമൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിലെത്തിക്കുന്ന തിലൂടെ കേര കർഷകരുടെ വരുമാനം വർദ്ധിക്കുന്നതിനും ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ പ്രകൃതിദത്തവും ലഹരിവിമുക്തവും ആരോഗ്യദായകവുമായ പാനീയം ഉപഭോക്താക്കൾക്ക് ലഭിക്കുന്നു. |
| സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | സി) തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് 2013-14 ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിക്കുകയും, 2014-15 ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീരയുടെ വിപണനച്ചുമതല നാളികേര വികസന കോർപ്പറേഷനാണ്. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പന കേന്ദ്രങ്ങളിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തി വരുന്നു.<br>നാളികേര വികസന കോർപ്പറേഷൻ കോഴിക്കോട് ഏലത്തൂരിൽ പ്രതിദിനം 300 ലിറ്റർ നീര ഉത്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിച്ച് ഉത്പാദനം നടത്തുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ ആറളത്ത് പ്രതിദിനം 5000 ലിറ്റർ വീതം രണ്ട് ഷിഫ്റ്റായി നീര ഉത്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റും പ്രവർത്തിച്ചു വരുന്നു.<br>കൂടാതെ 14/10/2015-ലെ സ.ഉ.(സാധ)1773/2015/കൃഷി പ്രകാരം കൊല്ലം ജില്ലയിലെ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്കും, 20/01/16-ലെ സ.ഉ.(സാധ)50/2016/കൃഷി പ്രകാരം കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നാളികേര ഉത്പാദക കമ്പനിക്കും 11/02/16-ലെ സ.ഉ.(സാധ)109/2016/കൃഷി പ്രകാരം ആലപ്പുഴ ജില്ലയിലെ കരപ്പുറം നാളികേര ഉത്പാദക കമ്പനിക്കും 50 ലക്ഷം വീതം സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ